## ക്രമപ്രശ്നം

## ഗവൺമെന്റ് ചീഫ് വിപ്പിന്റെ രാജിസംബന്ധിച്ച അനിശ്ചിതത്വം

ശ്രീ. എ. കെ. ബാലൻ: സർ, ഇക്കഴിഞ്ഞ പത്താം തീയതി സംസ്ഥാനത്തെ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയും സർക്കാർ ചീഫ് വിപ്പും തൽസ്ഥാനങ്ങൾ രാജി വയ്ക്കുകയും മാധ്യമങ്ങളിലൂടെ പ്രസ്താവന നടത്തുകയുമുണ്ടായി. ധനകാര്യ മന്ത്രിയുടെ രാജി സ്വീകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വയം ആ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സഭാ സമ്മേളനം ആരംഭിക്കുന്ന ഈ ഘട്ടത്തിൽ ഗവൺമെന്റ് ഭാഗത്ത് വിപ്പ് നൽകാൻ ക്യാബിനറ്റ് റാങ്കിലുള്ള ചീഫ് വിപ്പിനെ സംബന്ധിച്ചുള്ള അനിശ്ചിതത്വം നിലനിൽക്കുകയാണ്. ഒരേ ദിവസം മുഖ്യമന്ത്രിക്ക് സമർപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയുടെയും സർക്കാർ ചീഫ് വിപ്പിന്റെയും രാജികളിൽ ഒന്ന് സ്വീകരിക്കുകയും മറ്റൊന്ന് അനിശ്ചിതത്വത്തിലുമാണെന്നുള്ളത് നമ്മുടെ സഭയ്ക്ക് യോജിച്ചതല്ല. ഈ സമ്മേളനത്തിൽ നിർണ്ണായക സ്ഥാനമുള്ളതാണ് ചീഫ് വിപ്പ്. അതുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന് ലഭിച്ച രാജിക്കത്തുകളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് ഈ സഭയെ അറിയിക്കണം. അദ്ദേഹം ഇപ്പോഴും ചീഫ് വിപ്പായിട്ട് തുടരുന്നുണ്ടോ എന്നുള്ളതിനെ

സംബന്ധിച്ചാണ് വ്യക്തതയുണ്ടാകേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് ഇന്നലെ നോട്ടീസ് നൽകിയ പ്രമേയമാണിത്. ഇന്നലെയിതിന് പ്രസക്തിയുണ്ടായിരുന്നു. ഇന്നിപ്പോൾ എല്ലാ കാര്യങ്ങളും വ്യക്തമായി. പിന്നെ അങ്ങയുടെ തൃപ്തിക്കുവേണ്ടി ഞാൻ മറുപടി പറയാം. ശ്രീ. കെ. എം. മാണി ധനകാര്യവകുപ്പ് മന്ത്രിസ്ഥാനവും ശ്രീ. തോമസ് ഉണ്ണിയാടൻ ചീഫ് വിപ്പ് സ്ഥാനവും രാജി വച്ചിരുന്നു. മാണി സാറിനോട് ആരും രാജി ആവശ്യപ്പെട്ടിട്ടില്ല. കോടതിയിൽനിന്ന് ഒരു പരാമർശം വന്നതിനാൽ അദ്ദേഹം സ്വയം എടുത്ത തീരുമാനമാണത്. അദ്ദേഹത്തിന്റെ പാർട്ടിയോ യു.ഡി.എഫോ അദ്ദേഹത്തിന്റെ രാജി ആവശ്യപ്പെട്ടില്ല. ശ്രീ. തോമസ് ഉണ്ണിയാടന്റെ രാജിക്കത്ത് കിട്ടിയപ്പോൾ അതുസംബന്ധിച്ച് ഞാൻ മാണിസാറിനെ നേരിട്ടുകണ്ട് ആ രാജി പ്രസ്സ് ചെയ്യരുതെന്ന് ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം അതിനടുത്ത ദിവസംതന്നെ അനുകൂലമായിട്ടുള്ള മറുപടി നൽകി. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. തോമസ് ഉണ്ണിയാടൻ ചീഫ് വിപ്പ് സ്ഥാനത്ത് തുടരുന്നു. അക്കാര്യത്തിൽ യാതൊരുവിധ സംശയവുമില്ല.

ശ്രീ. എ. കെ. ബാലൻ: സർ, എനിക്ക് ഈ കാര്യത്തിൽ ഒരു സംശയവും ഉണ്ടായിട്ടില്ല. രാജിക്കത്ത് കൊടുത്തിരിക്കുന്നു, രാജി സ്വീകരിച്ചിട്ടുണ്ടോയെന്ന

ചോദ്യമാണ് ചോദിച്ചത്. അതിന് ഉത്തരം പറഞ്ഞാൽ മതി. സ്വീകരിച്ചിട്ടില്ല എന്നുപറഞ്ഞാൽ ഞങ്ങൾക്ക് ഒരു ബുദ്ധിമുട്ടുമില്ല. പിന്നെ മാണിസാറിനെ കുറിച്ച് പറഞ്ഞ കാര്യമാണ്...

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, ചർച്ച ശരിയല്ല. അങ്ങ് ഉന്നയിച്ച ക്രമപ്രശ്നത്തിന് വളരെ വ്യക്തമായ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു.

## ബില്ലിലെ അപാകത സംബന്ധിച്ച്

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ എഴുതിത്തന്നത് കൂടാതെ എനിക്ക് വേറൊരു കാര്യംകൂടി പറയാനുണ്ട്. മെമ്പർ ഇൻ ചാർജ്ജ് തന്നെ ബിൽ അവതരിപ്പിക്കണമെന്നാണ് ചട്ടങ്ങളിലെ വ്യവസ്ഥ. ഞാൻ തർക്കിക്കുന്നില്ല. മുൻധനകാര്യ വകുപ്പുമന്ത്രിയായിരുന്ന മെമ്പർ ഇൻ ചാർജ്ജ്. അദ്ദേഹത്തിനുപകരം മുഖ്യമന്ത്രിക്കാണ് ഈ ബില്ലിന്റെ ചുമതലയെന്ന് ഇന്നലെ നോട്ടിഫിക്കേഷൻ തന്നിരുന്നു. ഞാൻ ഉന്നയിക്കുന്ന വിഷയം അതല്ല, സാന്ദർഭികമായി സൂചിപ്പിച്ചുവെന്നേയുള്ളൂ. ഭരണഘടനയുടെ ഏഴാം...

മി. സ്പീക്കർ: ശ്രീ. മാത്യു റ്റി. തോമസ് ഇന്നലെ അത് ബുള്ളറ്റിൻ ആയി ഇറക്കിക്കഴിഞ്ഞു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, അതെ. മെമ്പർ ഇൻ ചാർജ്ജ് മുഖ്യമന്ത്രിയാണെന്നും പറഞ്ഞാണ് ഇന്നലെ ബുള്ളറ്റിൻ വന്നത്. ഞാൻ തർക്കിക്കുന്നില്ല. മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതായിരിക്കാം. ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ അനുസരിച്ച് അതിലെ മൂന്നാമത്തെ ലിസ്റ്റായ കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിഷയങ്ങളെ സംബന്ധിച്ച് നിയമം പാസ്സാക്കാൻ പാർലമെന്റിനും നിയമസഭയ്ക്കും ഒരേ സമയം അധികാരമുണ്ട്. ഏതെങ്കിലും ഘട്ടത്തിൽ നിയമസഭ പാസ്സാക്കുന്ന നിയമവും പാർലമെന്റ് പാസ്സാക്കുന്ന നിയമവും തമ്മിൽ ഭിന്നത (repugnance) ഉണ്ടെങ്കിൽ പാർലമെന്റ് പാസ്സാക്കുന്ന നിയമമാണ് പ്രിവെയിൽ ചെയ്യുന്നത്. കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ച് കേന്ദ്രം പാസ്സാക്കിയതും 1956 മുതൽ നിലനിൽക്കുന്നതുമായ ഒരു നിയമത്തിന് സംസ്ഥാനം ഇപ്പോൾ ഭേദഗതി കൊണ്ടുവരികയാണ്. ആ ഭേദഗതിക്ക് കേന്ദ്രം പാസ്സാക്കിയിരിക്കുന്ന നിയമത്തിലെ വ്യവസ്ഥകളുമായി ചില ഭിന്നതകളുണ്ട്. അപ്പോൾ സ്വാഭാവികമായും അത് നിലനിൽക്കും. ഒരു കേന്ദ്ര ആക്ടിന് സംസ്ഥാന നിയമസഭ ഒരു ഭേദഗതി കൊണ്ടുവരുമ്പോൾ മുൻകൂട്ടി പ്രസിഡന്റിന്റെ അനുമതി വാങ്ങിയതിനുശേഷമാണ് ആ ബിൽ സഭയിൽ അവതരിപ്പിച്ചിരുന്നത് എന്നതാണ് ഇതുവരെയുള്ള കീഴ്വഴക്കം. ഹിന്ദു പിൻതുടർച്ചാവകാശ നിയമത്തിനുള്ള ഭേദഗതി

2015-ലെ നിയമപ്രകാരം കൊണ്ടുവരുന്നതിന് പ്രസിഡന്റിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല, അത് കീഴ്വഴക്കങ്ങൾക്കും കഴിഞ്ഞ കാലത്തെ പതിവിനും വിരുദ്ധമാണ് എന്ന തർക്കമാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ് ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ പറഞ്ഞിരിക്കുന്നതുപോലെ നിയമപരമായി ഒരു തെറ്റും ഇല്ല. കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന ഒരു വിഷയത്തെക്കുറിച്ച് കേന്ദ്രത്തിന് നിയമമുണ്ടാകും. സംസ്ഥാനങ്ങൾക്കും നിയമങ്ങൾ കൊണ്ടുവരാം. കേന്ദ്രത്തിന്റെ വ്യവസ്ഥകളിൽ നിന്ന് വ്യത്യസ്തമായിട്ടാണ് സംസ്ഥാനങ്ങൾ നിയമം കൊണ്ടുവരുന്നതെങ്കിൽ അത് പാസ്സാക്കിയ ശേഷം പ്രസിഡന്റിന്റെ അനുമതി വാങ്ങിയാൽ മതിയാകും. അനുമതി വാങ്ങുന്നതനുസരിച്ച് ആ നിയമം പ്രായോഗികതലത്തിൽ വരും. ഓർഡിനൻസാണെങ്കിൽ ശ്രീ. മാത്യു റ്റി. തോമസ് പറഞ്ഞത് ശരിയാണ്. ഓർഡിനൻസ് വരുന്നതോടുകൂടി നിയമമാവുകയാണ്. അതുകൊണ്ട് ഓർഡിനൻസ് ഇറക്കണമെങ്കിൽ പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണം. ആ സാഹചര്യത്തിൽ ഈ ബിൽ അവതരിപ്പിക്കുന്നതിൽ നിയമപരമായി ഒരു തെറ്റുമില്ല. മറ്റു പല സ്റ്റേറ്റുകളിലും ഇങ്ങനെയുണ്ടായിട്ടുണ്ട്. അതാണ് ഇന്ന് തുടരുന്ന സിസ്റ്റം. ഇക്കാര്യത്തിൽ നമ്മൾ

നിയമം പാസ്സാക്കിക്കഴിഞ്ഞ് പ്രസിഡന്റിന്റെ അനുമതി വാങ്ങി നടപ്പിലാക്കുക എന്നതാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, ........

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ, ഇക്കാര്യത്തിലൊരു ചർച്ച വേണ്ട. ചെയർ പറയാം.